# സേവന ഓയിൽ മിൽ ഉണ്ണികുളം

ഉണ്ണികുളം ഗ്രാമ പഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസിനു കീഴിൽ 11-ാം വാർഡിൽ കുടുംബശ്രീ അംഗങ്ങൾ ചേർന്ന് തുടങ്ങിയ സംരംഭമാണ് സേവന ഓയിൽ മിൽ. 19 അംഗങ്ങളുള്ള ഈ സംരംഭം 7 വർഷമായി വളരെ നല്ല നിലയിൽ പ്രവർത്തിച്ച വരുന്നു. ആദ്യത്തെ ഒരു വർഷം വാടക കെട്ടിടത്തിലും തുടർന്ന് സ്വന്തമായി വാങ്ങിയ കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. 9.5 ലക്ഷം രൂപയാണ് മുടക്ക് മുതൽ. 3.5 ലക്ഷം രൂപ അംഗങ്ങൾ സ്വയം വഹിച്ചതും ബാക്കി തുക ലിങ്കേജ് ലോൺ, മറ്റ് ചെറുകിട വായ്പകൾ എന്നിവയുമെടുത്താണ് തുടങ്ങിയത്.

വായ്പ തിരിച്ചടവ് ഇനിയും ബാക്കിയുണ്ട്. നിലവിലുള്ള മെഷീനറികൾ മാറ്റി പുതിയ മെഷീനറികൾ വാങ്ങുന്നതിനും അതിലൂടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും, ഗുണനിലവാരം മെച്ചപ്പെടുന്നതിനും യൂണിറ്റ് ആഗ്രഹിക്കുന്നു. ഇതിനു സാമ്പത്തിക സഹായം ലഭ്യമാകുന്നതിനായി ജില്ലാ മിഷനിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ഷിംസിന. കെ.കെ

എം.കെ.എസ്.പി. ബ്ലോക്ക് കോ ഓർഡിനേറ്റർ

ബാലുശ്ശേരി ബ്ലോക്ക്